കൃഷിഭവനുകളുടെ തരം തിരിക്കൽ

52 [990] ശ്രീ. ഉമേഷ് ചള്ളിയിൽ :
" എ. എൻ. രാജൻ ബാബു :
" കെ. കെ. ഷാജു:
" ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപ്രകൃതി, പ്രധാന വിളകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കൃഷിഭവനുകളെ സർക്കാർ തരം തിരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ;

(സി) ഇത് പൂർത്തിയാക്കിയ ശേഷം പ്രത്യേകം പദ്ധതികൾ ആവിഷ്ക്കരിച്ച് പ്രത്യേക ചാനലിലൂടെ നടപ്പാക്കുമോ ;

(ഡി) ഇതിനായി പ്രത്യേകം ബഡ്ജറ്റ് വിഹിതം നീക്കിവയ്ക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി—ഡി) തൽക്കാലം പരിഗണനയിലില്ല

ചെർപ്പുളശ്ശേരി കൃഷി ഭവനിലെ കൃഷി ഓഫീസറുടെ പേരിലുള്ള അച്ചടക്ക നടപടി

53 [991] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെർപ്പുളശ്ശേരി കൃഷി ഭവനിൽ കൃഷി ഓഫീസറായിരുന്ന ശ്രീ. കെ. ജെ. മാത്യുവിനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കുവാൻ അദ്ദേഹത്തിന്റെ ഭാര്യ അപേക്ഷ നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിൻമേൽ എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇദ്ദേഹത്തോടൊപ്പം അച്ചടക്ക നടപടിക്ക് വിധേയരായിരുന്ന മറ്റ് മൂന്ന് ആളുകളെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ടോ ;

(സി) എങ്കിൽ ഒരേ കുറ്റത്തിന്റെ നടപടി ക്രമത്തിൽ നിന്നും മരിച്ചുപോയ ഇദ്ദേഹത്തെ മാത്രം നിലനിർത്തിയത് എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കി പെൻഷൻ ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഇ) അച്ചടക്ക നടപടിയിൽ നിന്നും വിടുതൽ ചെയ്യുന്നില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൃഷി ഓഫീസറായിരുന്ന പരേതനായ കെ. ജെ. മാത്യുവിന്റെ പേരിലുള്ള അച്ചടക്ക നടപടികൾ പൂർത്തിയാക്കിയതിനാൽ പരേതന്റെ 31-10-1998 മുതൽ 27-1-2000 വരെയുള്ള സസ്പെൻഷൻ കാലം ക്രമീകരിച്ച് 25 വർഷത്തെ സർവ്വീസിനുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരേതന്റെ ഭാര്യ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരേതനായ കെ. ജെ. മാത്യുവിന്റെ സസ്പെൻഷൻ കാലം ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഇടുക്കി ജില്ലാ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ വിശദമായ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരല്ല എന്ന് കണ്ടെത്തിയവരുടെ പേരിലുള്ള അച്ചടക്ക നടപടികൾ മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത്. കുറ്റക്കാരായ ഉദ്യോഗസ്ഥന്മാരുടെ പേരിലുള്ള അച്ചടക്ക നടപടികൾ തുടർന്നുവരുന്നു.

(ഡി) പരേതന്റെ പേരിലുള്ള അച്ചടക്ക നടപടികൾ പൂർത്തിയാക്കിയതിനാൽ, സസ്പെൻഷൻ കാലം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഇടുക്കി ജില്ലയിലെ കുരുമുളകുവള്ളി വിതരണത്തിൽ ക്രമക്കേടുണ്ടെന്ന് കണ്ടെത്തിയതിനാൽ കൃഷി ഓഫീസർ ആയിരുന്ന കെ. ജെ. മാത്യുവിൽ നിന്നും 11,941 രൂപ ഈടാക്കുവാൻ ടിയാൻ തന്നെ 21-10-2003-ൽ സമ്മതപത്രം നൽകിയിട്ടുണ്ട്.

ലക്ഷം യുവകർഷക പദ്ധതി

54 [992] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്ഷം യുവകർഷക പദ്ധതിയിൽ ആകെ അംഗങ്ങളായി ചേർന്നവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പദ്ധതി പരിഷ്ക്കരിച്ചത് പ്രകാരം എത്ര പേർ പിരിഞ്ഞുപോകുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതിയിൽ ആകെ എത്ര പേരെ ആനുകൂല്യങ്ങൾ നൽകി ഒഴിവാക്കിയിട്ടുണ്ട് ;

(ഡി) പദ്ധതിയിൽ ആകെ ലഭിച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് അറിയിക്കുമോ ;

(ഇ) എത്ര ഉദ്യോഗസ്ഥർ എത്ര കാലമായി ഈ പ്രോജക്ടിൽ സേവനമനുഷ്ടിക്കുന്നുണ്ട് ; ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള വാഹനങ്ങൾ, മറ്റു സൗകര്യങ്ങൾ എന്നിവ എന്തൊക്കെയാണ് ?

LIBRARY ARCHIVES Kerala Legislative Assembly